പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3435 — 12.12.2014 ലെ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ . സെൽവരാജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ഏത് കാലയളവ് വരെയാണ് നഷ്ടപരിഹാര തുക നൽകിയത്; കൃഷിഭവൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് 2012 ഏപ്രിൽ - മെയ്, 2013 ജൂൺ എന്നീ കാലയളവിലെ കൃഷി നാശത്തിനാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളത്. കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് എത്ര ഗുണഭോക്താക്കളാണ് ഇനിയുള്ളത്; കൃഷിഭവൻ തിരിച്ച് കണക്ക് വ്യക്തമാക്കാമോ; ഇതിലേക്കായി എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; കുടിശ്ശിക തുക എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ? | (ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച 4786 കർഷകർക്ക് ഇനിയും ധനസഹായം നല്കാനുണ്ട്. കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-06-2012-ലെ സ.ഉ (എം.എസ്) നം. 239/2012/ ഡിഎം.ഡി ഉത്തരവ് പ്രകാരം 01-04-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ(എം.എസ്) നം. 343/2012/ഡിഎം.ഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ(എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ(എം.എസ്) നം. 470/2013/ഡിഎം.ഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| കൃഷി ഭവൻ | വരൾച്ച | | വെള്ളപ്പൊക്കം | |
|---|---|---|---|---|
| | കർഷകരുടെ എണ്ണം | അനുവദിച്ച തുക | കർഷകരുടെ എണ്ണം | അനുവദിച്ച തുക |
| കാരോട് | 253 | 17,64,025 | 403 | 16,80,875 |
| കുളത്തൂർ | 245 | 12,10,825 | 252 | 6,79,140 |
| ചെങ്കൽ | 218 | 11,53,100 | 242 | 9,44,500 |
| തിരുപുറം | 75 | 4,41,950 | 27 | 50,000 |
| അതിയന്നൂർ | 3 | 15,000 | 15 | 97,825 |
| നെയ്യാറ്റിൻകര | - | - | 62 | 2,25,000 |
| പെരുമ്പഴുതൂർ | 51 | 5,17,775 | 84 | 4,98,225 |

## അനുബന്ധം 2

| കൃഷി ഭവൻ | വരൾച്ച (2012-13, 2013-14) | വെള്ളപ്പൊക്കം (2013-14, 2014-15) |
|---|---|---|
| | കർഷകരുടെ എണ്ണം | കർഷകരുടെ എണ്ണം |
| കാരോട് | 396 | 488 |
| കുളത്തൂർ | 777 | 434 |
| ചെങ്കൽ | 518 | 449 |
| തിരുപുറം | 119 | 146 |
| അതിയന്നൂർ | 179 | 304 |
| നെയ്യാറ്റിൻകര | 263 | 376 |
| പെരുമ്പഴുതൂർ | 68 | 269 |
| **ആകെ** | **2320** | **2466** |

സെക്ഷൻ ഓഫീസർ